REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-09-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **മിസോറാമിലെ ഒമ്പതിനായിരം കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്രമോദി വെർച്വലായി ഉദ്ഘാടനം ചെയ്തു.**
- **GST പരിഷ്കരണമടക്കം സാധാരണക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കേന്ദ്രം നടപടിയെടുത്ത് വരികയാണെന്ന് പ്രധാനമന്ത്രി.**
- **കൊച്ചിയിൽ കേരള അർബൻ കോൺക്ലേവ് വൈകിട്ട് സമാപിക്കും.**
- **തൃശൂർ - കുറ്റിപ്പുറം റോഡിലെ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കി ജനങ്ങൾക്ക് പുതുവത്സര സമ്മാനമായി സമർപ്പിക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ്.**
- **ഏഷ്യാ കപ്പ് ക്രിക്കറ്റിൽ നാളെ ദുബായിൽ ഇന്ത്യ പാക്കിസ്ഥാനെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി മിസോറാമിലെ ഒട്ടേറെ വികസന പദ്ധതികൾ വെർച്വലായി ഉദ്ഘാടനം ചെയ്തു. ഒമ്പതിനായിരം കോടിയിലേറെ രൂപയുടെ പദ്ധതികളിൽ പൂർത്തീകരിച്ചവ ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി നിരവധി പദ്ധതികൾക്ക് തുടക്കമിടുകയും ചെയ്തു. വരും തലമുറ GST പരിഷ്കരണമടക്കം സാധാരണക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും വ്യാപാര സംരംഭങ്ങൾ ആരംഭിക്കാനും ആവശ്യമായ നടപടികൾ കേന്ദ്രം സ്വീകരിച്ചുവരികയാണെന്ന് അദ്ദേഹം പറഞ്ഞു.

ഭീകരവാദത്തെ പിന്തുണച്ചവരെ ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യ പാഠം പഠിപ്പിച്ചു. സായുധ സേനയുടെ വിജയത്തിലൂടെ രാജ്യം മുഴുവൻ അഭിമാനം കൈവരിച്ചെന്നും ഇന്ത്യയിൽ നിർമ്മിച്ച ആയുധങ്ങളാണ് ദൗത്യത്തിൽ ഉപയോഗിച്ചതെന്നും പ്രധാനമന്ത്രി വിശദീകരിച്ചു.

ഡെസ്ക് റിപ്പോർട്ട്...

........വോയ്സ്......

8,000 കോടി രൂപയിൽ പരം ചെലവിൽ നിർമ്മിച്ച ബൈരാബി-സായ്‌രംഗ് ബ്രോഡ്ഗെയ്ജ് റെയിൽപാത പ്രധാനമന്ത്രി ഓൺലൈനിൽ നാടിന് സമർപ്പിച്ചു. രാവിലെ 9.10ന് ലെങ് പൂയി വിമാനത്താവളത്തിൽ പ്രധാനമന്ത്രി എത്തിയെങ്കിലും പ്രതികൂല കാലാവസ്ഥയെ തുടർന്ന് തുവാം പുയി ഹെലിപാഡിലേക്ക് പോകാനായില്ല. ഇതിനെ തുടർന്നാണ് വിമാനത്താവളത്തിൽ നിന്ന് വീഡിയോ കോൺഫറൻസിങ്ങി ലൂടെ അദ്ദേഹം പാത ഉദ്ഘാടനം ചെയ്തത്.

ലോകത്തെ ഏറ്റവും വേഗത്തിൽ വളരുന്ന സാമ്പത്തിക ശക്തിയായി രാജ്യം മാറിക്കഴിഞ്ഞെന്നും വടക്ക്-കിഴക്കൻ മേഖലയാണ് വളർച്ചാ ശക്തിയെന്നും പ്രധാനമന്ത്രി പറഞ്ഞു. മിസോറാമിലെ റോഡ്, റെയിൽ കണക്ടിറ്റിവിറ്റിയും ഇന്റർനെറ്റ് - മൊബൈൽ ലഭ്യതയും, വൈദ്യുതിയും കുടിവെള്ള വിതരണവും, പാചക വാതകവും കഴിഞ്ഞ 11 വർഷങ്ങളിൽ വിപുലമാക്കാൻ ഗവൺമെന്റിന് കഴിഞ്ഞതായി നരേന്ദ്രമോദി പറഞ്ഞു.

മിസോറാമിനെ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളുമായി ബന്ധിപ്പിക്കാൻ റെയിൽപാത വഴി സാധിക്കും. ഐസ്വാളിനും ഡെൽഹിക്കുമിടയിലെ ആദ്യ രാജധാനി എക്സ്പ്രസും, ഐസ്വാൾ- ഗോഹട്ടി, ഐസ്വാൾ- കൊൽക്കത്ത ട്രെയിനുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. ഉച്ചകഴിഞ്ഞ് പ്രധാനമന്ത്രി അസമിലേക്ക് പോകും.

✪✪✪

നേപ്പാളിലെ ഇടക്കാല പ്രധാനമന്ത്രിയായി ചുമതലയേറ്റ സുശീല കാർക്കിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസ നേർന്നു. നേപ്പാളിലെ ജനങ്ങളുടെ സമാധാനത്തിനും പുരോഗതിക്കും സമൃദ്ധിക്കും വേണ്ടി ഇന്ത്യ ഉറച്ചുനിൽക്കുന്നുവെന്ന് സമൂഹ മാധ്യമ പോസ്റ്റിൽ മോദി പറഞ്ഞു.

✪✪✪

വ്യാപാര സ്ഥാപനങ്ങളുമായി ഒരു ദിവസം നടത്താവുന്ന UPI ഇടപാട് പരിധി മറ്റന്നാൾ മുതൽ പത്തുലക്ഷം രൂപയാക്കി ഉയർത്തി. എന്നാൽ വ്യക്തികൾക്കിടയിലെ പണമിടപാട് പരിധി ഒരു ലക്ഷം രൂപയായി തുടരും. നാഷൺ പെയ്മെന്റ് കോർപ്പറേഷൻ ഇതുസംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചു.

✪✪✪

കൊച്ചിയിൽ കേരള അർബൻ കോൺക്ലേവ് ഇന്ന് സമാപിക്കും. കോൺക്ലേവിന്റെ രണ്ടാം ദിവസമായ ഇന്ന് ഹൈലെവൽ പൊളിറ്റിക്കൽ ഫോറത്തിൽ മേയർമാരുടെ സമ്മേളനം രാവിലെ ആരംഭിച്ചു.

ഇന്ത്യയിലെ വിവിധ മുനിസിപ്പൽ-കോർപറേഷൻ മേയർമാരും, കേരളത്തിലെ ആറു കോർപറേഷനുകളുടെ മേയർമാരും പങ്കെടുക്കുന്നുണ്ട്. ദക്ഷിണാഫ്രിക്കയിലെ ഡർബൻ, ശ്രീലങ്കയിലെ കൊളംബോ സിറ്റി, മാലിദ്വീപ്, മേയർമാരും പരിപാടിയിൽ പങ്കെടുക്കുന്നു.

വൈകിട്ട് സമാപനസമ്മേളനത്തിൽ ഐക്യ രാഷ്ട്രസഭയുടെ ഇന്ത്യ റെസിഡന്റ് കോഓർഡിനേറ്റർ ഷോംബി ഷാർപ്പ് മുഖ്യാതിഥിയാകും. സമാപന സമ്മേളനം മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും.

✪✪✪

കേരള യൂറോപ്യൻ യൂണിയൻ കോൺക്ലേവിന്റെ പ്രചാരണാർത്ഥം തിരുവനന്തപുരത്ത് അടുത്ത ബുധനാഴ്ച മിനി മാരത്തൺ സംഘടിപ്പിക്കും. രാവിലെ 6 ന് മുട്ടത്തറ പാലം മുതൽ കോവളം ജംഗ്ഷൻ വരെ 10 കിലോമീറ്ററാണ് മാരത്തൺ.18 മുതൽ 60 വരെ പ്രായക്കാർക്ക് പങ്കെടുക്കാം. സ്പോർട്സ് കേരള ഫൗണ്ടേഷനുമായി ചേർന്നാണ് മാരത്തൺ സംഘടിപ്പിക്കുന്നത്.

✪✪✪

കൊച്ചി മാതൃകയിൽ മുംബൈയിൽ വാട്ടർമെട്രോ സർവീസ് ആരംഭിക്കുന്നതിന് വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് ടെണ്ടർ ലഭിച്ചതായി മന്ത്രി P രാജീവ് അറിയിച്ചു. മഹാരാഷ്ട്ര ഗവൺമെന്റിൽ നിന്ന് ടെണ്ടർ നേടിയതിലൂടെ കൺസൾട്ടൻസി പ്രവർത്തനത്തിൽ കൊച്ചി മെട്രോ ദേശീയ തലത്തിൽ തന്നെ സുപ്രധാന ചുവടുവെപ്പാണ് നടത്തിയതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

വാട്സ് ആപ് ഹാക്ക് ചെയ്തു തട്ടിപ്പു വ്യാപകമാകുന്നതിനെതിരെ ജാഗ്രത പാലിക്കണമെന്ന് പൊലീസിന്റെ മാധ്യമവിഭാഗം പൊതുജനങ്ങളോട് ആവശ്യപ്പെട്ടു. വ്യക്തിഗത വിവരങ്ങൾ കൈക്കലാക്കി ബാങ്ക് അക്കൗണ്ട് ഹാക്ക് ചെയ്ത് പണം തട്ടുന്ന സംഘങ്ങൾക്കെതിരെയാണ് മുന്നറിയിപ്പ്. തട്ടിപ്പുകാരെ പ്രതിരോധിക്കാൻ ടു സ്റ്റെപ്പ് വെരിഫിക്കേഷൻ സംവിധാനം സജ്ജമാക്കണമെന്നും OTP- കൾ ആരുമായും പങ്കുവെക്കരുതെന്നും പൊലിസ് ആവശ്യപ്പെട്ടു.

✪✪✪

തൃശൂർ - കുറ്റിപ്പുറം റോഡിലെ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കി ജനങ്ങൾക്ക് പുതുവത്സര സമ്മാനമായി സമർപ്പിക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. പുഴയ്ക്കലിൽ KSTP റോഡ് നിർമാണ പ്രവൃത്തി പരിശോധിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

തൃശൂർ ജില്ലയ്ക്ക് മാത്രമല്ല, മലബാറിനാകെ ഗുണപരമാകുന്ന പ്രവൃത്തിയാണ് ഇതെന്നും നവീകരണം വേഗത്തിൽ പൂർത്തിയാക്കാൻ എല്ലാ ഇടപെടലുകളും ഗവൺമെന്റ് നടത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

തൃശ്ശൂരിലെ CPIM നേതാക്കൾ കോടീശ്വരന്മാരായി എന്ന DYFI നേതാവിന്റെ വെളിപ്പെടുത്തൽ ഗൗരവതരമാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. സാധാരണക്കാരന്റെ പണം CPIM കൊള്ളയടിക്കുക യാണെന്നും സതീശൻ മാധ്യമങ്ങളോട് പറഞ്ഞു.

KSU നേതാക്കളെ മുഖം മൂടിയിട്ട് കോടതിയിൽ ഹാജാറാക്കിയ സംഭവം പൊലീസിന്റെ അരാജക വാഴ്ചക്ക് ഉദാഹരണമാണെന്നും അദ്ദേഹം ആരോപിച്ചു.

✪✪✪

CPIM-ലെ അഴിമതിയുടെ ഒരറ്റം മാത്രമാണ് തൃശൂരിലെ പുറത്തുവിട്ട ടെലിഫോൺ സംഭാഷണമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ശബ്ദരേഖയുടെ അടിസ്ഥാനത്തിൽ പ്രത്യേക പൊലീസ് സംഘം അന്വേഷണം നടത്തണമെന്ന് ചെന്നിത്തല ആവശ്യപ്പെട്ടു.

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം മറ്റന്നാൾ ആരംഭിക്കും. ഒക്ടോബർ 10 വരെ 12 ദിവസമാണ് സഭ സമ്മേളിക്കുന്നത്.

അന്തരിച്ച മുൻ മുഖ്യമന്ത്രി VS അച്യുതാനന്ദനും, വാഴൂർ സോമൻ MLA യ്ക്കും അനുശോചനം അർപ്പിച്ച് ആദ്യ ദിവസം സഭ പിരിയും.

നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റ് ഉപധനാഭ്യർത്ഥന ചർച്ചയും, വോട്ടെടുപ്പും, ഗവൺമെന്റ് കാര്യവും ധന വിനിയോഗ ബില്ലുമാണ് സമ്മേളനത്തിലെ പ്രധാന അജണ്ട.

✪✪✪

മുതിർന്ന BJP നേതാവായിരുന്ന PP മുകുന്ദനെ അനുസ്മരിക്കുന്ന വന്ദേ മുകുന്ദം പരിപാടി കോഴിക്കോട്ട് KP. കേശവമേനോൻ ഹാളിൽ C സദാനന്ദൻ മാസ്റ്റർ MP ഉദ്ഘാടനം ചെയ്തു. സാമുഹ്യ കാഴ്ചപ്പാട് സംഘടന പ്രവർത്തകർക്ക് പകർന്ന് നൽകിയ നേതാവായിരുന്നു PP മുകുന്ദനെന്ന് അദ്ദേഹം പറഞ്ഞു.

കണ്ണൂർ മാരാർജി ഭവനിൽ സംഘടിപ്പിച്ച അനുസ്മരണവും പുഷ്പാർച്ചനയും കോഴിക്കോട് മേഖല പ്രസിഡണ്ട് K ശ്രീകാന്ത് ഉദ്ഘാടനം ചെയ്തു.

✪✪✪

ആരോഗ്യ മേഖലയിലെ മികച്ച പ്രവർത്തനത്തിന് 2023-24 വർഷത്തെ ആർദ്രകേരളം പുരസ്കാരത്തിന് പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമ പഞ്ചായത്ത് അർഹമായി.

പാലക്കാട്ട് നിന്ന് ഫൈസൽ അലി മുത്ത്...

....വോയ്സ്....

പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ മികച്ച സൗകര്യങ്ങൾ, ചെലവഴിച്ച തുക, പകർച്ച വ്യാധി പ്രതിരോധ പ്രവർത്തങ്ങളിലെ മികവ് തുടങ്ങിയവ കണക്കിലെടുത്താണ് പുരസ്കാരം. മാലിന്യ സംസ്കരണ പദ്ധതിയായി അതിജീവനം, ശുദ്ധ ജലം ഉറപ്പുവരുത്തുന്ന തെളിനീർ പദ്ധതി എന്നിവ മാതൃകയാണ്. ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടിയായ ഹൃദപൂർവ്വം വെള്ളിനേഴി പഞ്ചായത്തിൽ നടപ്പാക്കിയ ശ്രദ്ദേയമായ ആരോഗ്യ പരിപാടികളിൽ ഒന്നാണ്. പഞ്ചായത്തിലെ ആയുർവേദ, ഹോമിയോ ഡിസ്പെൻസരികൾ രോഗി സൗഹൃദ ആശുപത്രികളാക്കി മാറ്റിയതും നേട്ടമായി. 10 ലക്ഷം രൂപയാണ് പുരസ്കാരത്തുക. പുരസ്കാരം ലഭിച്ചതിൽ ആഹ്ലാദമുണ്ടെന്ന് പഞ്ചായത്ത് പ്രസിഡന്റ് കെ. ജയലക്ഷ്മി പറഞ്ഞു.

✪✪✪

കാസർകോട് ജില്ലയിലെ ആർദ്ര കേരളം പുരസ്കാരം കയ്യൂർ ചീമേനി പഞ്ചായത്തിനാണ്.

പി ജഗന്നിവാസന്റെ റിപ്പോർട്ട്..

.......വോയ്സ്.....

✪✪✪

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ നാളെ ദുബായിൽ ഇന്ത്യ പാക്കിസ്ഥാനെ നേരിടും. രാത്രി എട്ടിനാണ് മത്സരം. ആദ്യ മത്സരത്തിൽ UAE യെ തകർത്ത ടീം ഇന്ത്യ ടൂർണമെന്റിലെ രണ്ടാം ജയം ലക്ഷ്യമിട്ടാണ് ഇറങ്ങുന്നത്.

✪✪✪

ഹോങ്കോംഗ് ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യൻ സഖ്യം സാത്വിക് സായ് രാജ് റെങ്കി റെഡി - ചിരാഗ് ഷെട്ടി സഖ്യം ഫൈനലിലെത്തി. ചൈനീസ് സഖ്യത്തെയാണ് സെമിയിൽ അവർ തോൽപ്പിച്ചത്. രണ്ടാം സെമിയിലെ ജേതാക്കളുമായി അവർ ഫൈനലിൽ ഏറ്റുമുട്ടും.

പുരുഷ സിംഗിൾസ് സെമിയിൽ വൈകിട്ട് ലക്ഷ്യസെൻ ചൈനീസ് തായ്പയുടെ ചൗ ടിയൻ ചെന്നിനെ നേരിടും.

✪✪✪

TP സുകുമാരൻ സ്മാരക സാഹിത്യ പുരസ്കാരം എഴുത്തുകാരൻ ആലങ്കോട് ലീല കൃഷ്ണന് സമ്മാനിച്ചു. മാഹി മലയാള കലാ ഗ്രാമത്തിലായിരുന്നു പുരസ്കാര ചടങ്ങ്.

✪✪✪

കേരള സംഗീത നാടക അക്കാദമിയുടെ രണ്ടു ദിവസത്തെ ദേശീയ നൃത്തോത്സവം - ത്രിഭംഗി കണ്ണൂർ തളിപ്പറമ്പിൽ ആരംഭിച്ചു. വൈകിട്ട് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നൃത്തോത്സവം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.

സംഗീതനാടക അക്കാദമി ചെയർപേഴ്സൺ മട്ടന്നൂർ ശങ്കരൻകുട്ടി അധ്യക്ഷനായിരിക്കും.

✪✪✪

മൂന്നാമത് കോട്ടയത്ത് തമ്പുരാൻ കഥകളി മഹോത്സവം  ഇന്ന് കണ്ണൂർ മുഴക്കുന്ന് മൃദംഗശൈലേശ്വരി ക്ഷേത്രത്തിൽ ആരംഭിക്കും. കോട്ടയത്ത് തമ്പുരാന്റെ നാല് ആട്ടക്കഥകളുടെയും സമ്പൂർണ അവതരണം ഈ മാസം  20 വരെ  ഉണ്ടാകും.

✪✪✪

വാട്സ്ആപ്പിൽ  ഓൺലൈൻ ഷെയർ ട്രേഡിംഗിലൂടെ മികച്ച വരുമാനം ഉണ്ടാക്കാമെന്ന് വാഗ്ദാനം നൽകി  മട്ടന്നൂർ സ്വദേശിയായ ഡോക്ടറിൽ നിന്ന് നാല് കോടി 43 ലക്ഷത്തിൽ പരം രൂപ തട്ടിയ കേസിൽ ഒരാൾ അറസ്റ്റിലായി.

എറണാകുളം അറക്കപ്പടി സ്വദേശി സൈനുൽ ആബിദിനെ കണ്ണൂർ സൈബർ പൊലീസാണ് പിടി കൂടിയത്.

✪✪✪

കർണാടകയിലെ ഹസനിൽ ഇന്നലെ വൈകിട്ട് ഗണേശ വിഗ്രഹ നിമജ്ജന ചടങ്ങിലേക്ക് ടാങ്കർ ലോറി പാഞ്ഞുകയറി മരിച്ചവരുടെ എണ്ണം ഒമ്പതായി. 20ലേറെ പേർക്ക് പരിക്കേറ്റു.  മരിച്ചവരിൽ മൂന്ന് പേർ എഞ്ചിനിയറിംഗ് വിദ്യാർത്ഥികളാണ്.  മൊസലെ ഹൊസള്ളിയിലാണ് ദുരന്തമുണ്ടായത്. മരിച്ചവരുടെ കുടുംബങ്ങൾക്ക് കർണാടക മുഖ്യമന്ത്രി അഞ്ച് ലക്ഷം രൂപ വീതം ആശ്വാസ ധനം പ്രഖ്യാപിച്ചു.

കർണാടകയിലെ ഹസ്സനിലുണ്ടായ അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം അറിയിച്ചു. മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപയും, പരിക്കേറ്റവർക്ക് 50,000 രൂപയും  സഹായധനം നൽകുമെന്നും പ്രധാനമന്ത്രി സാമൂഹ്യമാധ്യമ പോസ്റ്റിൽ അറിയിച്ചു.

✪✪✪

*News Editor & Reader : വി കെ സുരേഷ്*
*NRT s: അനിൽ ചന്ദ്രൻ  , രജ്ന കെ*
*DEO : സി കെ സുബോധ്*